ആറു മാസം വരെ സമയം അനുവദിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. സർക്കാർ വകുപ്പിലുള്ള നേഴ്സുമാർക്കു വിദേശത്തു ജോലിക്ക് പോകുന്നതിനുവേണ്ടി ദീർഘകാല അവധി നൽകുന്നുണ്ട്. ഈ സാഹചര്യത്തിൽ സർക്കാർ സർവ്വീസിൽ ജോലിക്ക് അപേക്ഷിക്കേണ്ട പ്രായപരിധി 35 വയസ് എന്നാക്കിയത് നഴ്സുമാർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നില്ല. എയർപോർട്ടിലും കസ്റ്റംസിലും വിദേശമലയാളികൾ നേരിടുന്ന പ്രശ്നങ്ങളെപ്പറ്റി ഞാൻ പ്രധാനമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. ഇതിന്റെ ഫലമായി അനാവശ്യമായി ഇവരെ പീഡിപ്പിക്കരുതെന്ന് കസ്റ്റംസ് അധികൃതർക്ക് നിർദ്ദേശം നൽകിയതായി പ്രധാനമന്ത്രി അറിയിച്ചിട്ടുണ്ട്. വീട് വയ്ക്കുന്നതിന് വിദേശമലയാളികൾക്ക് മാത്രമായി പ്രത്യേകിച്ച് എന്തെങ്കിലും പ്രശ്നങ്ങൾ ഉള്ളതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അത് സംബന്ധിച്ച് എന്തെങ്കിലും പരാതി ലഭിച്ചാൽ പരിശോധിക്കുന്നതാണ്. പ്രവാസി മലയാളികൾക്ക് സർക്കാർ സർവ്വീസിൽ ചേരാനുള്ള സമയം ദീർഘിപ്പിച്ചതും അവരുടെ പേര് റേഷൻകാർഡിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിച്ചതും അവരുടെ സേവനം കണക്കിലെടുത്തുള്ള അംഗീകാരമാണ്. ഗൾഫിലെ മാറിക്കൊണ്ടിരിക്കുന്ന തൊഴിൽ മേഖലയ്ക്കനുസൃതമായി അവരെ സജ്ജമാക്കുന്നതിനുള്ള ഒരു പദ്ധതി ആവിഷ്ക്കരിക്കുന്നതാണ്. ഇതിനുള്ള നടപടി സ്വീകരിച്ചുകഴിഞ്ഞു. ഇൻഡ്യയിലെ ഇതരസംസ്ഥാനങ്ങളിൽ ജോലി ചെയ്യുന്ന മലയാളികളുടെ പ്രശ്നങ്ങൾ പരിശോധിക്കാൻ പ്രവാസി കേരളീയ കാര്യവകുപ്പിൽ സംവിധാനമില്ല എന്ന ആരോപണം ശരിയല്ല. സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുന്ന മറുനാടൻ മലയാളികളുടെ വിവിധ പ്രശ്നങ്ങൾ നോർക്ക വകുപ്പ് തൃപ്തികരമായി കൈകാര്യം ചെയ്യുന്നുണ്ട്. വിദേശമലയാളികളുടെയും മറുനാടൻ മലയാളികളുടെയും പരാതികൾ കേൾക്കുന്നതിനും പരിഹാരനിർദ്ദേശങ്ങൾക്കുമായി നിയമസഭാംഗങ്ങൾ ഉൾപ്പെട്ട ഒരു ഉന്നതാധികാര സമിതി രൂപീകരിക്കണമെന്ന നിർദ്ദേശം പരിശോധിക്കുന്നതാണ്.

<u>ശ്രീ. ചെർക്കളം അബ്ദുള്ള</u> : പ്രവാസി മലയാളികൾക്ക് വോട്ടവകാശമെന്ന നിരന്തരമായ ആവശ്യം സാക്ഷാൽക്കരിക്കുന്നതിന് പ്രസ്തുത വിഷയം പാർലമെന്റിൽ അവതരിപ്പിക്കണമെന്ന് സുപ്രീംകോടതി പറഞ്ഞിരിക്കുന്ന ആ സാഹചര്യത്തിൽ നമ്മുടെ എം.പി.മാരുടെ ഇടയിൽ ഈ കാര്യത്തിന് സമ്മർദ്ദം ചെലുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. ഇ.കെ. നായനാർ</u> : ആലോചിക്കുന്നതാണ്.

(2) പട്ടയം ലഭിക്കുന്നതിന് കൈവശ കർഷകർ നേരിടുന്ന ബുദ്ധിമുട്ടുകൾ

<u>ശ്രീ. രാജു എബ്രഹാം</u> : സർ, കഴിഞ്ഞ രണ്ട് ദിവസങ്ങളിലും പട്ടയവുമായി ബന്ധപ്പെട്ട് ചർച്ചകൾ സഭയ്ക്കുള്ളിൽ നടക്കുകയുണ്ടായി. പട്ടയം ലഭിച്ചവർ നൽകേണ്ട നഷ്ടപരിഹാരത്തെ സംബന്ധിച്ചും മലബാർ മേഖലയിലെ കൃഷിക്കാർക്ക് പട്ടയം നൽകേണ്ടതു സംബന്ധിച്ചുമുള്ള ചർച്ചകളാണ് നടന്നത്. എന്നാൽ പട്ടയം നൽകാൻ തീരുമാനിച്ചിരുന്ന 5 ജില്ലകളിൽ ഇനിയും പട്ടയം ലഭിച്ചാൽ വേഴാമ്പലിനെപ്പോലെ കാത്തിരിക്കുന്ന പതിനായിരക്കണക്കിന് കൃഷിക്കാരുണ്ട്. ഇവരുടെ പേരുകൾ പട്ടയ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇപ്പോൾ പട്ടയം ലഭിച്ചവരുടെയും ലിസ്റ്റിൽ പേര് ഉൾപ്പെടുത്താത്തവരുടെയും ഭൂമികൾ ഒരേസമയം ജോയിന്റ് വെരിഫിക്കേഷൻ കഴിഞ്ഞതാണ്. ഒരേ സമയം ഒരേ ഉദ്യോഗസ്ഥൻമാർ തന്നെയാണ് ഈ ജോയിന്റ് വെരിഫിക്കേഷൻ നടത്തിയിരിക്കുന്നത്. പക്ഷേ പതിനായിരക്കണക്കിന് കൃഷിക്കാർ ഈ ലിസ്റ്റിൽ നിന്നും തഴയപ്പെട്ടുപോയി. ഇതിൽ പ്രത്യേകിച്ച് പത്തനംതിട്ട ജില്ലയിലെ 60 ഹെക്ടർ സ്ഥലം മാത്രമാണ് ഇപ്പോഴത്തെ ലിസ്റ്റിനകത്ത് അവർ ഉൾപ്പെടുത്തി

LIBRARY ARCHIVES Kerala Legislative Assembly

യിരിക്കുന്നത്. ജില്ലയിലെ 5,000-ത്തിൽപ്പരം അർഹതയുള്ള കൃഷിക്കാരിൽ കേവലം നൂറോളം കൃഷിക്കാർക്കുമാത്രമേ ഈ 60 ഹെക്ടർ സ്ഥലം ലഭിക്കുന്നതുമൂലം പ്രയോജനപ്പെടുകയുള്ളു. മൂവായിരത്തിൽപ്പരം കൃഷിക്കാർക്ക് പട്ടയം ലഭിക്കേണ്ട റാന്നി താലൂക്കിൽ ഒറ്റആൾക്കുപോലും ഇത്തവണ പട്ടയം ലഭിക്കുകയില്ല. കാരണം, ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇടുക്കി, തൃശ്ശൂർ, എറണാകുളം, കൊല്ലം ജില്ലകളിൽ ആയിരക്കണക്കിന് കൃഷിക്കാർ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. പട്ടയം ലഭിച്ചവരിൽ പലർക്കും യഥാർത്ഥത്തിൽ കൈവശമുള്ള ഭൂമിക്ക് മുഴുവൻ പട്ടയം ലഭിച്ചിട്ടില്ല. ഹൈക്കോടതിപോലും പറഞ്ഞിരിക്കുന്നത് 4 ഹെക്ടറിനുള്ളിൽ വരുന്ന ആളുകൾക്ക് മുഴുവൻ പട്ടയം കൊടുക്കണമെന്നാണ്. 4 ഹെക്ടറിനു മുകളിൽ വരുന്ന ആളുകളുടെ ഭൂമി ഗവൺമെന്റ് മടക്കി വാങ്ങണം. രണ്ട് ഹെക്ടർ കൈവശമുള്ള ആളുകൾക്ക് അവർക്ക് യഥാർത്ഥത്തിൽ ഒരു ഹെക്ടറിനേ പട്ടയം ലഭിച്ചിട്ടുള്ളു. ആ ഗുരുതരമായിട്ടുള്ള പ്രശ്നം മറുഭാഗത്ത് നിൽക്കുകയാണ്. ജോയിന്റ് വെരിഫിക്കേഷൻ പൂർത്തിയാക്കിയ സ്ഥലങ്ങളിലുള്ള അനുഭവമാണ് ഞാൻ സൂചിപ്പിച്ചത്. സംയുക്ത പരിശോധന നടത്തിയ രേഖകൾ യഥാസമയം ബന്ധപ്പെട്ട കേന്ദ്രങ്ങളിൽ സമർപ്പിക്കുവാൻ, കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കഴിയാതിരുന്നതുമൂലം ഇപ്പോൾ കേന്ദ്രാനുമതി ലഭിച്ച പതിനായിരക്കണക്കിന് കൃഷിക്കാരാണ് ഒഴിവാക്കപ്പെട്ടത്. ഹൈക്കോടതി വിമർശിച്ചിട്ടുപോലും സത്യവാങ്മൂലം യഥാസമയം മുൻ സർക്കാർ നൽകാതിരുന്നത് കഴിഞ്ഞ ദിവസം നമ്മൾ ചർച്ച ചെയ്യുകയുണ്ടായി. പട്ടയം നൽകാൻ കഴിയാത്തവർക്ക് പട്ടയം ലഭിക്കുന്നതുവരെ അടിയന്തിരമായി കൈവശരേഖ നൽകണം. 5 ജില്ലകളിൽ മാത്രമല്ല മലബാർ മേഖലകളിലും നൽകണം. ഇന്നലെ ഇവിടെ ഉന്നയിച്ച പ്രശ്നമാണ്. അനുമതി ലഭിക്കേണ്ട ഭൂമിയുടെ വിവരങ്ങൾ കേന്ദ്രത്തിൽ അടിയന്തിരമായും സമർപ്പിച്ച് അനുമതി വാങ്ങണം. ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി കഴിഞ്ഞ ആഴ്ചയിൽ കേന്ദ്ര മന്ത്രിയുമായി ബന്ധപ്പെട്ടും വകുപ്പുമന്ത്രിയുമായി ബന്ധപ്പെട്ടും ചില നീക്കങ്ങൾ നടത്തിയിട്ടുണ്ടെന്നത് അഭിനന്ദാർഹമാണ്. ഈ രേഖകൾ നൽകുന്നതിനുമുമ്പ് യഥാർത്ഥത്തിൽ അർഹതയുള്ളവരെല്ലാം ഉൾപ്പെട്ടിട്ടുണ്ടോ, ഭൂമിയുടെ അളവ് ഉൾപ്പെട്ടിട്ടുണ്ടോ ഇതൊക്കെ പരിശോധനയ്ക്ക് വിധേയമാക്കുന്നത് പിന്നീട് മറ്റ് പരാതികൾ ഒഴിവാക്കാൻ സഹായകരമാകും. അത്തരം ഒരു പരിശോധന അടിയന്തിരമായി നടക്കുകയാണെന്നുണ്ടെങ്കിൽ ഇപ്പോൾ ഇടുക്കി അടക്കമുള്ള സ്ഥലത്തെ പ്രധാനപ്പെട്ട പോരായ്മ ഒഴിവാക്കാൻ കഴിയും. രണ്ട് ഹെക്ടർ ഉള്ള ആളുകൾക്ക് ഒരു ഏക്കറിന് മാത്രം രേഖ നൽകുന്ന കാര്യങ്ങൾ മുൻപ് പരിശോധനാവിധേയമാക്കിയിരുന്നുവെങ്കിൽ തീർച്ചയായിട്ടും അവരുടെ രണ്ട് ഹെക്ടറിന്തന്നെ പട്ടയം ലഭിക്കാനുള്ള നടപടി എടുക്കാൻ കഴിയുമായിരുന്നു. പക്ഷേ അന്ന് പരിശോധന നടത്തിയിട്ടില്ല. ഇനിയും നമുക്ക് ഇത്തരത്തിൽ ആ നീക്കം നടത്തണം. അതിന് സംവിധാനമുണ്ട്. നവംബർ 17-ന് കർഷക നേതാക്കളുടെ ഒരു യോഗം തിരുവനന്തപുരത്ത് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി വിളിച്ചുകൂട്ടി. ഇടുക്കി, തൃശ്ശൂർ ജില്ലകളിൽ യൂണിറ്റ് അടിസ്ഥാനത്തിലും മറ്റ് ജില്ലകളിൽ ജില്ലാടിസ്ഥാനത്തിലും ഉപദേശക സമിതികൾ രൂപീകരിക്കുവാൻ തീരുമാനിച്ചിരുന്നു. ഇനി കേന്ദ്രത്തിൽ അനുമതിക്കായി രേഖകൾ സമർപ്പിക്കുമ്പോൾ ഈ ജില്ലാ ഉപദേശക സമിതികൾ ഇപ്പോൾ തയ്യാറാക്കിയിരിക്കുന്ന രേഖകൾ പരിശോധിക്കുവാനുള്ള സംവിധാനമുണ്ടാക്കണം. ആ ജില്ലാ ഉപദേശക സമിതികൾ ഈ രേഖകൾ പരിശോധിക്കുകയാണെന്നുണ്ടെങ്കിൽ ഇപ്പോൾ വന്നിരിക്കുന്ന ഈ പ്രധാനപ്പെട്ട തെറ്റ് ഉപദേശക സമിതികൾക്കുള്ളിൽതന്നെ ചർച്ച ചെയ്യുവാനും പരിഹരിക്കുവാനും കഴിയും. അതിനുശേഷം അത് കേന്ദ്രാനുമതിക്കായി നൽകി

LIBRARY ARCHIVES Kerala Legislative Assembly

കഴിഞ്ഞാൽ സ്വാഭാവികമായിട്ടും നമുക്ക് തെറ്റ് ഇല്ലാതെതന്നെ നമ്മുടെ അർഹതപ്പെട്ട മുഴുവൻ കൃഷിക്കാർക്കും പട്ടയം ലഭിക്കുവാനുള്ള സംവിധാന മുണ്ടാകും. ഈ ഉപദേശക സമിതികൾ ഇടുക്കിയിലും തൃശ്ശൂരിലും യൂണിറ്റടി സ്ഥാനത്തിൽ സ്ഥാപിച്ചിരിക്കുന്നതുപോലെ പത്തനംതിട്ട പോലെയുള്ള അല്ലെങ്കിൽ ഇന്നലെ സൂചിപ്പിച്ച പാലക്കാട് പോലെയുള്ള ജില്ലകളിൽക്കൂടി യൂണിറ്റടിസ്ഥാനത്തിൽ ഉപദേശക സമിതികൾ രൂപീകരിക്കുന്നത് പ്രശ്നങ്ങൾ വളരെ അടിയന്തിരമായിട്ട് പരിഹരിക്കാൻ സഹായകരമാകുമെന്നുള്ളതാണ് എനിക്ക് ഇവിടെ സൂചിപ്പിക്കുവാനുള്ളത്. അതോടൊപ്പംതന്നെ ഈ സംസ്ഥാന ഗവൺമെന്റ് അധികാരമേറ്റെടുത്ത ശേഷം പുറംപോക്കിലും മറ്റും മാറ്റിപ്പാർപ്പിക്കപ്പെട്ട സ്ഥലങ്ങളിലുള്ള ആളുകൾക്ക് പട്ടയം നൽകുന്ന നടപടി കൾ വളരെ യുദ്ധകാലാടിസ്ഥാനത്തിൽ നടത്തിവരികായണ്. അത് നമുക്ക് ഈ നൂറ്റാണ്ടിൽതന്നെ പൂർത്തീകരിക്കുവാൻ നടപടിയെടുക്കണം. ഉദാഹരണ ത്തിന്, തിരുവനന്തപുരത്ത് ഐ.എസ്.ആർ.ഒ.യ്ക്ക് വേണ്ടി കുടിയൊഴിപ്പിക്ക പ്പെട്ടവർക്കുപോലും 30 വർഷക്കാലത്തിനിടയിൽ ഇനിയും പട്ടയം കൊടുത്തി ട്ടില്ല. ചീമേനിയിൽ 60 വർഷമായി താമസിക്കുന്ന കൃഷിക്കാർക്ക് ഇനിയും പട്ടയം കൊടുത്തിട്ടില്ല. ഈ പുറംപോക്കുകളിൽ താമസിക്കുന്നവർക്ക് പട്ടയം നൽകുന്ന നടപടികൾ നടത്തുന്നതോടൊപ്പംതന്നെ ഇപ്പോൾ നമ്മൾ ആരംഭി ച്ചിരിക്കുന്ന ഈ പട്ടയം നൽകൽ കഴിയുന്നതും ഈ നൂറ്റാണ്ടിൽതന്നെ പൂർത്തിയാക്കാൻ വേണ്ടിയുള്ള നടപടികൾ കൂടി സ്വീകരിക്കണമെന്ന് ഈ അവസരത്തിൽ അഭ്യർത്ഥിക്കുകയാണ്.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) : സർ, 1986 വരെ ജോയിന്റ് വെരിഫിക്കേഷൻ പൂർത്തിയാക്കിയ പത്തനംതിട്ട, ഇടുക്കി, തൃശ്ശൂർ, എറണാകുളം, കൊല്ലം എന്നീ അഞ്ച് ജില്ലകളിലെ 28588 ഹെക്ടർ വനഭൂമി യാണ് പട്ടയം നൽകുന്നതിനായി 1980-ലെ കേന്ദ്ര വനസംരക്ഷണ നിയമ ത്തിലെ രണ്ടാം വകുപ്പനുസരിച്ച് കേന്ദ്രഗവൺമെന്റിന് അംഗീകാരത്തിനായി സമർപ്പിച്ചത്. ജോയിന്റ് വെരിഫിക്കേഷൻ പൂർത്തിയാകാത്ത സ്ഥലങ്ങളിൽ നേരത്തെ വെരിഫിക്കേഷൻ നടത്തിയപ്പോൾ വിട്ടുപോയ സ്ഥലങ്ങളുണ്ട്. നേരത്തെ കേന്ദ്രത്തിന് അംഗീകാരത്തിനായി സമർപ്പിച്ച അപേക്ഷകളിൽ കാലതാമസമുണ്ടായതുകൊണ്ടും കോടതിയിലെ കേസിന് തീരുമാനമുണ്ടാ ക്കാൻ വൈകിയതുകൊണ്ടും 1989-ലെ സർക്കാർ ഉത്തരവനുസരിച്ച് ജോയിന്റ് വെരിഫിക്കേഷൻ ആരംഭിച്ച സ്ഥലങ്ങളിൽ പൂർത്തിയാക്കാൻ വൈകി. ഇനി 3720 ഹെക്ടർ സ്ഥലത്ത് ജോയിന്റ് വെരിഫിക്കേഷൻ പൂർത്തിയാക്കാനുണ്ട്. വെരിഫിക്കേഷൻ പൂർത്തിയാക്കിയതും 1.1.77-ന് മുമ്പ് കൈവശമുള്ളതെന്ന് തിട്ടപ്പെടുത്തിയതുമായ കേസുകളിൽ കേന്ദ്രഗവൺമെന്റിനോട് ഈ വകുപ്പനു സരിച്ചുതന്നെ അംഗീകാരം തരണമെന്ന് ആവശ്യപ്പെടുന്നതിന് സംസ്ഥാനഗ വൺമെന്റ് തീരുമാനിക്കുകയും ഒരു മെമ്മോറാണ്ടം തയ്യാറാക്കുകയും അത് ഞങ്ങൾ കേന്ദ്രഗവൺമെന്റിന് അടിയന്തിരമായി സമർപ്പിക്കുകയും ചെയ്യുകയു ണ്ടായി.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

ഇപ്പോൾ, അനുമതി കിട്ടിയ 28588 ഹെക്ടർ വനഭൂമിയാണ് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുള്ളത്. അതിൽ 5 ജില്ലകളിൽ ഏറ്റവും കൂടുതൽ (25,363 ഹെക്ടർ) ഇടുക്കി ജില്ലയിലാണ്. ബാക്കി പത്തനം തിട്ട ജില്ലയിൽ 60 ഹെക്ടറാണ് അനുമതി കിട്ടിയത്. 60 ഹെക്ടർ 330 പേരുടെ കൈവശമാണ്, ബാക്കി കൊല്ലം ജില്ലയിൽ 70 ഹെക്ടർ 364 പേരുടെ കൈവശ

LIBRARY ARCHIVES Kerala Legislative Assembly

മാണ്. എറണാകുളം ജില്ലയിൽ 375 ഹെക്ടറാണ്, 929 പേരുടെ കൈവശമാണ്. തൃശ്ശൂർ ജില്ലയിൽ 2720 ഹെക്ടറാണ്, അത് 7415 പേരുടെ കൈവശമാണ്.

അങ്ങനെ 49604 പേരുടെ കൈവശമാണ് ജോയിന്റ് സർവേ പൂർത്തിയാക്കുന്ന സന്ദർഭങ്ങളിൽ 28588 ഹെക്ടർ ഭൂമി ഉണ്ടായിരുന്നത്. എന്നാൽ അതിനു ശേഷം നടന്ന കൈമാറ്റങ്ങൾകൂടി കണക്കിലെടുക്കുമ്പോൾ അറുപതിനായിരത്തോളം പേരുടെ പട്ടയമായിരിക്കും കൊടുക്കേണ്ടിവരുന്നത്. ആ ജോലി പൂർത്തിയാക്കുന്നതിന് ഗവൺമെന്റുതന്നെ തീരുമാനിച്ചു. അതിനായി ഒരു യൂണിറ്റിൽ 29 സ്റ്റാഫ് വീതമുള്ള 12 യൂണിറ്റുകൾ പുതുതായി തുടങ്ങാൻ തീരുമാനിച്ചു. അതിൽ 2 യൂണിറ്റ് തൃശ്ശൂർ ജില്ലയിലും 10 യൂണിറ്റ് ഇടുക്കി ജില്ലയിലും. അവയുടെ പ്രവർത്തനം ആരംഭിച്ചു. അങ്ങനെയാണ് പട്ടയവിതരണം തുടങ്ങിയത്. എന്നാൽ, ഇതേയവസരത്തിൽ 1.1.1977 നു മുമ്പുതന്നെ കൈവശമുണ്ടായിരുന്നവരും 1980-ൽ തയ്യാറാക്കി സമർപ്പിച്ച ലിസ്റ്റിൽ ഉൾപ്പെടുത്താത്തതുമായിട്ടുള്ളവരുടെ പട്ടയത്തിന് വീണ്ടും നമ്മൾ കേന്ദ്ര ഗവൺമെന്റിനെ സമീപിച്ചു. അങ്ങനെ ഇപ്പോൾ നമ്മൾ ഒരു മെമ്മോറാണ്ടം കൊടുക്കുന്നതിൽ, സംയുക്ത സർവേ പൂർത്തിയാക്കിയ 13892 ഹെക്ടറിന് പട്ടയവിതരണത്തിന് അനുമതി നൽകണമെന്നു കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. 3750 ഹെക്ടർ സ്ഥലത്ത് ജോയിന്റ് സർവേ നടത്തുന്നതിനുള്ള അനുമതി ലഭിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ അത് നടത്തി അതിനുകൂടി അനുമതി വാങ്ങേണ്ടതുണ്ട്. അതുകൂടി വാങ്ങുമ്പോൾ 1.1.1977-നു മുമ്പുള്ള കൈവശക്കാർക്ക് മുഴുവൻ പട്ടയം കൊടുക്കാൻ കഴിയുമെന്നാണ് ഞങ്ങൾ പ്രതീക്ഷിക്കുന്നത്. അതിനെ സംബന്ധിച്ച് ഒരുപാട് ആശങ്ക കർഷകർക്കിടയിലുണ്ട് എന്നുള്ളതുകൊണ്ട് കേരള നിയമസഭയിൽ പ്രാതിനിധ്യമുള്ള പാർട്ടികളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന കർഷക സംഘടനകളുടെ ഒരു യോഗം ഞാൻ വിളിച്ചുകൂട്ടുകയുണ്ടായി. അവരുമായി ഈ പ്രശ്നം ചർച്ച ചെയ്തു. അവരുടെകൂടി അഭിപ്രായങ്ങൾ അറിഞ്ഞുകൊണ്ട് സമയബന്ധിതമായി പട്ടയം നൽകി പൂർത്തിയാക്കണം എന്നുള്ളതുകൊണ്ടാണ് അങ്ങനെ ഒരു യോഗം വിളിച്ചുകൂട്ടിയത്. കർഷക സംഘടനകൾ മുന്നോട്ടുവച്ച നിർദ്ദേശങ്ങൾ പൂർണ്ണമായും ഗവൺമെന്റ് അംഗീകരിച്ചു. അതിന്റെ അടിസ്ഥാനത്തിൽ കർഷക സംഘടനാ പ്രതിനിധികൾ അടങ്ങുന്ന യൂണിറ്റുതല ഉപദേശക സമിതികൾ രൂപീകരിക്കണമെന്ന് തീരുമാനിച്ചു. ഇടുക്കി ജില്ലയിൽ 10 യൂണിറ്റുകൾ പ്രവർത്തിക്കുന്നതിന്റെ അടിസ്ഥാനത്തിൽ യൂണിറ്റുതല ഉപദേശക സമിതികളും തൃശ്ശൂർ ജില്ലയിൽ 2 യൂണിറ്റുതല ഉപദേശക സമിതികളും ബാക്കി, കൊല്ലം, പത്തനംതിട്ട, എറണാകുളം ജില്ലകളിൽ ജില്ലാതലത്തിലുള്ള ഉപദേശക സമിതികളും രൂപീകരിക്കാൻ തീരുമാനിച്ചു. അത് ഉടനെതന്നെ, ഒരാഴ്ചയ്ക്കുള്ളിൽ ബന്ധപ്പെട്ട കർഷക സംഘടനകൾ സമിതിയിൽ ഉൾപ്പെടുത്തേണ്ട അംഗങ്ങളുടെ പേര് കൊടുക്കണം. കളക്ടർമാർക്ക് അതിനുവേണ്ട നിർദ്ദേശവും കൊടുത്തിട്ടുണ്ട്. 13892 ഹെക്ടർ ഭൂമികൂടി കേന്ദ്ര ഗവൺമെന്റിന്റെ അനുമതി കിട്ടുന്ന മുറയ്ക്ക് കൊടുക്കാൻ സാധിക്കും. ഈ കാര്യത്തിൽ കേന്ദ്ര ഗവൺമെന്റ് അനുമതി തന്നുവെങ്കിലും ഇത് കൊടുക്കാൻ പാടില്ല എന്ന് ഹൈക്കോടതിയിൽ പോയതിനെത്തുടർന്ന്, ഹൈക്കോടതിയുടെ ചില നിയന്ത്രണങ്ങളും നിബന്ധനകളും ഈ കാര്യത്തിൽ ഉണ്ട്. അതിൽ പറയുന്നതിന്റെ അടിസ്ഥാനത്തിലാണ് കോമ്പൻസേഷൻ നിർബന്ധമായും ഗവൺമെന്റിന് നിശ്ചയിക്കേണ്ടിവരുന്നത്. 1977-നു മുൻപ് കൈവശം ഉണ്ടായിരുന്ന ഭൂമിക്ക് മാത്രമേ ജോയിന്റ് വെരിഫിക്കേഷൻ നടത്തിയതിന്റെ പട്ടയം മാത്രമേ നമുക്ക് കൊടുക്കാൻ സാധിക്കൂ. 20 കൊല്ലങ്ങൾക്കുശേഷം ഭൂമി കൈമാറ്റങ്ങൾ നടത്തുകയും കൂടുതൽ ഭൂമി കൈവശം വരികയും ചെയ്ത

LIBRARY ARCHIVES Kerala Legislative Assembly

തിനൊന്നും ഇപ്പോൾ കണക്കാക്കി കൊടുക്കുന്നതിന് പ്രായോഗികമായ ബുദ്ധിമുട്ട് ഉള്ളതുകൊണ്ടാണ് ഇവിടെ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ഒരു ഏക്കറിന്റെ പട്ടയം കിട്ടുകയും 2 ഏക്കർ കൈവശം ഉണ്ടെന്ന പ്രശ്നം വരുന്നത്. ആ പ്രശ്നത്തിനൊക്കെ ഏങ്ങനെയാണ് പരിഹാരം കാണാൻ കഴിയുക എന്നത് നമ്മൾ പരിശോധിക്കുന്നുണ്ട്. ഇതിൽ ഒരു കാരണവശാലും ഒരു ക്രിത്രിമവും നടക്കാൻ പാടില്ല എന്നുള്ളതുകൊണ്ട് 1.1.1977-നു മുമ്പ് സംയുക്ത സർവേ നടത്തിയ ലിസ്റ്റ് അതാത് വില്ലേജ് ഓഫീസുകളിൽ അവരുടെ പേര്, അവരുടെ കൈവശമുണ്ടായിരുന്ന ഭൂമി, അവയുടെ സ്വഭാവം എന്നീ വിവരങ്ങളുള്ള ലിസ്റ്റ് പൊതുജനങ്ങൾക്ക് കാണാൻ തക്ക തരത്തിൽ പ്രദർശിപ്പിക്കണം, പബ്ലിഷ് ചെയ്യണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് എന്തെങ്കിലും ആക്ഷേപം വരികയാണെങ്കിൽ ആ ആക്ഷേപങ്ങൾകൂടി പരിശോധിച്ച് പരിഹാരം ഉണ്ടാക്കുന്നതിനായി ആ ഉപദേശക സമിതികളുമായി ബന്ധപ്പെട്ടുവേണം ഈ പട്ടയത്തിന്റെ പ്രവർത്തനം നടത്താൻ എന്ന് തീരുമാനിച്ചിരിക്കുകയാണ്. അതുകൊണ്ട് കേന്ദ്ര ഗവൺമെന്റിന്റെ അനുമതി കിട്ടുന്ന മുറയ്ക്ക്, ഇന്ന് പട്ടയം കിട്ടുന്നില്ല എന്ന പ്രശ്നവുമായി ബന്ധപ്പെട്ട ആയിരക്കണക്കിന് കൃഷിക്കാർക്ക് പരിഹാരം ഉണ്ടാക്കാൻ കഴിയും. ഗവൺമെന്റ് വളരെ താൽപ്പര്യപൂർവ്വം ഈ കാര്യത്തിൽ അനുമതി വാങ്ങുന്നതിനു വേണ്ടിയുള്ള ശ്രമങ്ങൾ തുടരുകയാണ്. കഴിയുന്നതുംവേഗം പരിഹരിക്കാൻ കഴിയുമെന്നാണ് ഗവൺമെന്റ് പ്രതീക്ഷിക്കുന്നത്.

ശ്രീ. രാജു എബ്രഹാം : സർ, യൂണിറ്റടിസ്ഥാനത്തിൽ ജില്ലാ ഉപദേശക സമിതികൾ എന്ന് നിലവിൽ വരും എന്നുള്ള ഒരു ഉറപ്പ് നൽകാമോ?

ശ്രീ. കെ.ഇ. ഇസ്മയിൽ : 5 ജില്ലകളിൽ പട്ടയം കൊടുക്കുന്ന നടപടികൾ ആരംഭിച്ചുകഴിഞ്ഞു. പട്ടയം കൊടുക്കുന്ന പ്രവർത്തനങ്ങളെ സഹായക്കുന്നതിനുവേണ്ടിയാണ് ജില്ലാ ഉപദേശക സമിതികൾ രൂപീകരിക്കണമെന്ന് തീരുമാനിച്ചത്. കർഷക സംഘടനകൾ പേരു കൊടുക്കുന്നതിന് കാലതാമസം വന്നാൽ ഡിസംബർ മാസം 15-നു മുൻപെങ്കിലും വന്നിരിക്കണമെന്ന് കളക്ടർ നിർദ്ദേശം കൊടുത്തതാണ്. ഏതെങ്കിലും ജില്ലകളിൽ അത് രൂപീകരിച്ചിട്ടില്ലെങ്കിൽ അടിയന്തിരമായിട്ട് രൂപീകരിക്കും. ഒരാഴ്ചകൊണ്ട് രൂപീകരിക്കാൻ ആവശ്യമായിട്ടുള്ള നടപടികളും ഗവൺമെന്റ് സ്വീകരിക്കും.

III. തിരുത്ത്

മേൽത്തട്ട് വ്യവസ്ഥകൾ സംബന്ധിച്ച സുപ്രീംകോടതി വിധിയെപ്പറ്റി ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി 15.12.1999 -ന് ഉന്നയിച്ച സബ്മിഷന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നൽകിയ മറുപടിയിലെ തിരുത്ത്

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ, 15.12.1999-ന് ബഹുമാനപ്പെട്ട പി.കെ. കുഞ്ഞാലിക്കുട്ടി അവതരിപ്പിച്ച് ക്രീമീലെയർ സംബന്ധിച്ച സബ്മിഷന് ഞാൻ നൽകിയ മറുപടിയിൽ ഒരു ചെറിയ പിശകുണ്ട്. "ചീഫ് സെക്രട്ടറിക്കെതിരെയുള്ള കോർട്ടലക്ഷ്യ നടപടികൾ സുപ്രീംകോടതി വേണ്ടെന്നു വച്ചതായി" ഞാൻ പറഞ്ഞിരുന്നു. എന്നാൽ അത് ശരിയല്ല. വിധിയുടെ പകർപ്പ് ഇന്നലെ വൈകിട്ടാണ് ലഭിച്ചത്. അതിൽ പറയുന്നത് "Sou motu contempt of case started earlier shall be listed after a period of 3 months" എന്നാണ്. തിരുത്തിയ മറുപടി സഭയുടെ അറിവിലേയ്ക്കായി ഖേദപൂർവ്വം സമർപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly